(ബി) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് 1000 ടൺ വളം വാങ്ങിയിട്ടുണ്ട്.

(സി) ഒരു കിലോയ്ക്ക് നിശ്ചയിച്ച വില 4.50 ക.യാണ്.

(ഡി) കൃഷി വകുപ്പ് മുഖേന സൗജന്യമായിട്ടാണ് വിതരണം നടത്തിയിട്ടുള്ളത്.

തിരുമല പ്രദേശത്തെ ഗതാഗത തടസ്സം

118 (3072) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ വരുന്ന തിരുമല പ്രദേശത്തെ ഗതാഗത തടസ്സം ദൂരീകരിക്കുന്നതിന് സർക്കാർ എന്തൊക്കെ വികസന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) തിരുമല ജംഗ്ഷനിലും സമീപ പ്രദേശങ്ങളിലും പൊതുനിരത്തുകൾ കയ്യടക്കി കച്ചവടം നടത്തുന്നത് നിമിത്തം യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് പൊതുനിരത്തിലേക്കുള്ള കടന്നുകയറ്റം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ബസ്സ്റ്റോപ്പുകളുടെയും ടാക്സി സ്റ്റാന്റിന്റേയും സ്ഥാനം ശാസ്ത്രീയമായി പുനർനിർണ്ണയിച്ച് ഗതാഗത തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) തിരുമല-മാങ്കാട്ടുകടവ് റോഡ് വീതി കൂട്ടി ഗതാഗതം സുഗമമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ പ്രദേശത്തിന്റെ സമഗ്ര വികസനത്തിനായുള്ള വിശദമായ നഗരാസൂത്രണ പദ്ധതിക്ക് രൂപം നൽകുന്നതിനുള്ള പ്രാരംഭനടപടികൾ തിരുവനന്തപുരം വികസന അതോറിറ്റി ആരംഭിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരസഭാധികാരികൾ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

(ഡി) തിരുമല-മങ്കാട്ടുകടവ് റോഡ് പി.ഡബ്ല്യൂ.ഡി.യുടെ അധീനതയിലുള്ളതാകയാൽ സർക്കാർ അംഗീകരിക്കുന്ന മാസ്റ്റർ പ്ലാനിൽ റോഡ് വികസനം പ്രൊപ്പോസലുള്ളതിനാലും പി.ഡബ്ല്യൂ.ഡി. വകുപ്പുമായി ആലോചിച്ച് മാത്രമേ റോഡ് വികസനം നടപ്പിലാക്കാൻ കഴിയുകയുള്ളൂ. തിരുവനന്തപുരം വികസന അതോറിട്ടിയുടെ നഗരാസൂത്രണ പദ്ധതിയിൽ ഈ റോഡിന്റെ വികസനവും ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly